**94**

# വിശ്വസിക്കുവാൻ പ്രയാസപ്പെടുന്നു

**വായനാ ഭാഗം #42**

VIII. യേശുവിന്റെ ഉയർപ്പും, പ്രത്യക്ഷതയും, സ്വർഗാരോഹണവും (തുടർച്ച).

A. ഞായർ: യേശുവിന്റെ ഉയർത്തെഴുന്നേല്പ് ദിനം (തുടർച്ച).

1. ശൂന്യമായ കല്ലറ (തുടർച്ച).

b. രണ്ട് അപ്പൊസ്തലന്മാരും ശൂന്യമായ കല്ലറയും (ലൂക്കൊ. 24:12; യോഹ. 20:1–10; ലൂക്കൊ. 24:24 നോക്കുക).

2. ആദ്യ പ്രത്യക്ഷത:മഗ്ദലക്കാരത്തി മറിയക്ക് (മർക്കൊ. 16:9–11; യോഹ. 20:11–18; ലൂക്കൊ. 24:10 നോക്കുക).
3. രണ്ടാം പ്രത്യക്ഷത:മറ്റു സ്ത്രീകൾക്ക് (മത്താ. 28:9–11; വാ. 1, 5–8 നോക്കുക).
4. ഒരു വിവരവും ഒരു ഭോഷ്ക്കും (മത്താ. 28:11–15).
5. മൂന്നാം പ്രത്യക്ഷത: പത്രൊസിന് (1 കൊരി 15:5; ലൂക്കൊ. 24:34).
6. നാലാം പ്രത്യക്ഷത: കേഫാവിനും മറ്റുള്ളവർക്കും (മർക്കൊ. 16:12, 13; ലൂക്കൊ. 24:13–35).

**മുഖവുര**

ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ – ഏതെങ്കിലും ഒന്ന് വിശ്വസിക്കുവാൻ – വാസ്തവത്തിൽ വിശ്വസിക്കുവാൻ നിങ്ങൾക്ക് പ്രയാസം നേരിട്ടിട്ടുണ്ടോ?[1] ഉദാഹരണത്തിന്, നിങ്ങളുടെ ജീവിതത്തിൽ എല്ലാം തെറ്റായി തീരുമ്പോൾ, "സർവ്വവും നന്മക്കായി വ്യാപരിക്കും" എന്ന് നിങ്ങൾക്ക് വിശ്വസിക്കുവാൻ കഴിയുമോ (റോമർ 8:28)? ദൈവത്തിന്റെ വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിൽ നാം നേരിടുന്ന അതേ പ്രശ്നം യേശുവിന്റെ ശിഷ്യന്മാരും നേരിട്ടിരുന്നു. താൻ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേല്ക്കുമെന്ന് ക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞിരുന്നു (മർക്കൊസ് 8:31; 9:31), എന്നാൽ അവന്റെ വാക്കുകൾ അവർക്ക് മനസിലായില്ല (മർക്കൊസ് 9:32; യോഹന്നാൻ 20:9 നോക്കുക), അവയെ അവർ ഒട്ടും തന്നെ വിശ്വസിച്ചില്ല. ഈ പഠനത്തിൽ,[2] അവൻ വാസ്തവത്തിൽ ഉയർത്തെഴുന്നേറ്റിട്ടും, ക്രിസ്തുവിന്റെ ശിഷ്യന്മാർ വിശ്വസിക്കുവാൻ പ്രയാസപ്പെടുന്നത് നാം കാണും.

**കല്ലറക്കൽ**
**(ലൂക്കൊ. 24:12; യോഹ. 20:1-10)**

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ പ്രഭാതത്തിൽ സ്ത്രീകൾ കല്ലറക്കൽ പോയ സംഭവമാണ്, കഴിഞ്ഞ പാഠത്തിൽ അവസാനം നാം കണ്ടത് (മത്തായി 28:1–8; മർക്കൊസ് 16:1–8; ലൂക്കൊസ് 24:1–11). അവരിൽ മഗ്ദലക്കാരത്തി മറിയയും ഉണ്ടായിരുന്നു (മത്തായി 28:1; മർക്കൊസ് 16:1). ഒരുസ

മയത്ത് അവൾ മറ്റു സ്ത്രീകളെ വിട്ടുപോയി. അവർക്ക് മുൻപ് അവൾ കല്ല റയിലെത്തുകയും മടങ്ങി പോകുകയും ചെയ്തിരിക്കാം.[3] അവർ എത്തു മ്പോൾ അവൾ അവിടെ ഉണ്ടായിരുന്നുവെങ്കിൽ, അവൾ സഹായത്തിനായി ഓടിയിരിക്കാം.

എങ്ങനെയായാലും, അവൾ കല്ലറയിൽ എത്തിയപ്പോൾ, കല്ലറവാ യ്ക്കൽനിന്ന് "കല്ല് ഉരുട്ടി ... നീക്കിയിരിക്കുന്നതു കണ്ടു" (യോഹന്നാൻ 20:1). മോശമായിപോയി എന്നു കരുതി, അകത്ത് കടക്കാതെ പത്രൊസി നേയും യോഹന്നാനേയും വിളിക്കുവാനായി അവൾ ഓടി (യോഹന്നാൻ 20:2).[4] അവൾ അവരോട് പറഞ്ഞു, "കർത്താവിനെ കല്ലറയിൽനിന്ന് അവർ എടുത്തുകൊണ്ടുപോയി, എവിടെ വെച്ചു എന്നറിയുന്നില്ല" (യോഹന്നാൻ 20:2).

അമ്പരപ്പിലായ, പത്രൊസും യോഹന്നാനും തോട്ടത്തിലേക്ക് ഓടി (യോഹന്നാൻ 20:3, 4; ലൂക്കൊസ് 24:12). യോഹന്നാൻ ഒരുപക്ഷെ പത്രൊ സിനേക്കാൾ ചെറുപ്പമായിരുന്നേക്കാം, "പത്രൊസിനേക്കാൾ വേഗത്തിൽ ഓടി ആദ്യം കല്ലറക്കൽ എത്തി" (യോഹന്നാൻ 20:4; വാ. 8 നോക്കുക). ആ രണ്ടു സ്ത്രീകൾ അവിടം വിട്ടുപോയശേഷമാണ് ആ രണ്ടു പുരുഷന്മാർ അവിടെ എത്തിയത് (മത്തായി 28:8; ലൂക്കൊസ് 24:9 നോക്കുക).

യോഹന്നാൻ കല്ലറക്കകത്തേക്ക് കുനിഞ്ഞുനോക്കി (യോഹന്നാൻ 20:5). യേശുവിന്റെ ശരീരം കിടന്ന സ്ഥലത്ത് "പൊതിഞ്ഞിരുന്ന ശീലകൾ" കിട ക്കുന്നതു അവൻ കണ്ടു, എന്നാൽ, അവൻ ജാഗ്രതയുള്ളവനായിരുന്നതു കൊണ്ട്, "അവൻ അകത്ത് കടന്നില്ല" (യോഹന്നാൻ 20:5). അവന്റെ പിന്നാലെ പത്രൊസ് എത്തുകയും (യോഹന്നാൻ 20:6), അവന്റെ എടുത്തുചാട്ട സ്വഭാവം നിമിത്തം, അകത്തു കടക്കുകയും ചെയ്തു. അവൻ "ശീലകൾ കിടക്കുന്നതും, അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടി കിടക്കാതെ വേറിട്ടൊരു സ്ഥലത്ത് ചുരുട്ടി വെച്ചിരിക്കുന്നതും കണ്ടു" (യോഹന്നാൻ 20:6, 7; ലൂക്കൊസ് 24:12).[5]

പത്രൊസിന്റെ ധൈര്യത്താൽ യോഹന്നാൻ പ്രചോദിക്കപ്പെട്ട് അകത്തു കടന്നു ശീലകൾ കിടക്കുന്നതുകണ്ട് അവൻ "വിശ്വസിച്ചു" (യോഹന്നാൻ 20:8). ശൂന്യമായ കല്ലറയിൽ മടക്കിവെച്ച ശീലകൾ വിശ്വാസം ജനിപ്പിക്കു വാൻ കാരണമെന്ത്? ഒരുവശത്ത്, *സ്നേഹിതന്മാർ* അവന്റെ ശരീരം കൊണ്ടു പോയി മറ്റൊരിടത്ത് അടക്കിയിരുന്നുവെങ്കിൽ ആ ശീലകൾ കോണ്ടുപോ യിരിക്കയില്ല. നേരെ മറിച്ച്, കല്ലറ*മോഷ്ടാക്കളാണ്* ശരീരം മോഷ്ടിച്ചതെങ്കിൽ ശീലകൾ മാറ്റുവാൻ അവർക്ക് സമയം കിട്ടിക്കാണുകയില്ല. തീർച്ചയായും ശീലകൾ വൃത്തിയായി മടക്കി വെക്കുന്നതിനോ, റൂമാൽ വേറൊരു സ്ഥാനത്ത് മാറ്റി വെക്കുന്നതിനോ സമയം കിട്ടുകയില്ല. ക്രിസ്തു സ്വയമായി അതു മാറ്റി വെച്ചു എന്നു മാത്രമാണ് താത്വികമായ വിശദീകരണം. അവൻ തീർച്ചയായും ജീവിച്ചിരിക്കണം!

ശീലകൾ കണ്ട് യോഹന്നാൻ വിശ്വസിക്കുവാനിടയായതിനെ സംബന്ധിച്ച് എഴുത്തുകാർ പലതും പറയുന്നുണ്ട്. യേശു പിന്നീട് അടച്ചിട്ട വാതിലുടെ[6] "കടന്നുപോയതുപോലെ" ശീലകൾ പൊതിഞ്ഞതിലൂടെ "കടന്നുപോയെ ങ്കിൽ" ശീലകൾ അങ്ങനെ നിരന്നു കിടക്കണമായിരുന്നു.

പട്ടുനൂൽ പുഴു അതിന്റെ പുറന്തോടിനുള്ളിൽ ഞെരുങ്ങിയിരുന്നിട്ട്, തോട്

നീക്കി പുറത്ത് ശലഭമായി രൂപാന്തരപ്പെട്ട് സൂര്യപ്രകാശത്തിലേക്ക് കടന്നു വരുന്നതുപോലെ ... അല്ലെങ്കിൽ, കൂടുതൽ കൃത്യമായി പറഞ്ഞാൽ, കൈവിരലുകൾ ഉറയിലിട്ടു പുറത്തെടുക്കുമ്പോൾ, ഉറക്ക് വിരലുകളുടെ ആകൃതി ഉണ്ടായിരിക്കുന്നതുപോലെ എന്നു പറയാം.[7]

എങ്ങനെയായാലും, യോഹന്നാന്റെ വിശ്വാസം അപ്പോഴും മാറാവുന്നതും, അപൂർണ്ണവുമായിരുന്നു. "ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തിന്ന് പൊറുക്കേണമേ" എന്നു നിലവിളിച്ച പിതാവിനോട് അതിനെ സാമ്യപ്പെടുത്താം (മർക്കൊസ് 9:24). വർഷങ്ങൾക്ക് ശേഷം, യോഹന്നാൻ എഴുതി ''യേശു വീണ്ടും ഉയർത്തെഴുന്നേല്ക്കേണം'' എന്ന തിരുവെഴുത്ത് (യോഹന്നാൻ 20:9) [അവനും പത്രൊസിനും] "മനസിലായിരുന്നില്ല." ആ രണ്ടുപേർ "തങ്ങളുടെ വീടുകളിലേക്ക്" (യോഹന്നാൻ 20:10) പോയപ്പോൾ യോഹന്നാൻ ഒരു പരിധി വരെ "വിശ്വസിച്ചു" (യോഹന്നാൻ 20:8), എന്നാൽ പത്രൊസ് "സംഭവിച്ചതിൽ" ഭ്രമിച്ചിരുന്നു (ലൂക്കൊസ് 24:12).[8] എന്നിരുന്നാലും, അത് കർത്താവ് മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേൽക്കുമെന്നു പറഞ്ഞിരുന്നത് അവർക്ക് മനസിലായിരുന്നില്ല.[9]

### തോട്ടത്തിൽ (മർക്കൊ. 16:9-11; യോഹ. 20:11-18; ലൂക്കൊ. 24:10 നോക്കുക)

മഗ്ദലക്കാരത്തി മറിയ മടങ്ങി വന്നപ്പോൾ, കല്ലറയിൽ പത്രൊസിനോടും യാക്കൊബിനോടും കൂടെ ഒരുപക്ഷെ മറ്റു സ്ത്രീകളെയും പ്രതീക്ഷിച്ചിരിക്കാം - പക്ഷെ എല്ലാവരും പോയിരുന്നു. അവൾ ''കരഞ്ഞുകൊണ്ട്'' പുറത്തു നിന്നു (യോഹന്നാൻ 20:11). അവൾ കരയുവാനുള്ള കാരണം, അവൾക്ക് അഭിഷേകം ചെയ്യുവാൻ അവസരം നല്കാതെ തന്റെ സ്നേഹിതന്റെ ശരീരം ആരോ കൊണ്ടുപോയിരിക്കുന്നു.

മറിയ കല്ലറ പരിശോധിക്കാത്തതുകൊണ്ടാകാം അവൾ അങ്ങനെ വിചാരിച്ചത്. അവൾ "കുനിഞ്ഞ് കല്ലറയിൽ നോക്കി" അപ്പോൾ "യേശുവിന്റെ ശരീരം വെച്ച സ്ഥലത്ത് വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരാൾ തലക്കലും മറ്റൊരാൾ കാല്ക്കലും ഇരിക്കുന്നതു കണ്ടു" (യോഹന്നാൻ 20:11, 12).[10] "ക്രിസ്തുവിന്റെ കല്ലറ ഒരു പുതിയ കൃപാസനം പോലെ, നിയമപെട്ടകത്തിനു മുകളിലുള്ള കെരൂബുകളെപോലെ ആയിരുന്നു ദൂതന്മാർ."[11] സ്വർഗീയ ദൂതന്മാർ മറിയയോട് പറഞ്ഞു, "സ്ത്രീയേ, നീ കരയുന്നത് എന്ത്?" (യോഹന്നാൻ 20:13). അവൾ മറുപടി പറഞ്ഞു, "എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി, അവനെ എവിടെ വെച്ചു എന്ന് അറിയുന്നില്ല'' (യോഹന്നാൻ 20:13).

ആ സമയത്ത്, മറിയ ''പിന്നോക്കം തിരിഞ്ഞു, യേശുനില്ക്കുന്നതു കണ്ടു, യേശു എന്ന് അറിഞ്ഞില്ല താനും" (യോഹന്നാൻ 20:14). മർക്കൊസ് 16:9 അനുസരിച്ച്, ഇതാണ് യേശുവിന്റെ ഉയർപ്പിനു ശേഷമുള്ള ആദ്യ പ്രത്യക്ഷത. ആദ്യം, അത് "യേശു ആണെന്ന് മറിയ അറിഞ്ഞില്ല" (യോഹന്നാൻ 20:14). എന്തുകൊണ്ട് അവൾ ഉടനെ അവനെ തിരിച്ചറിഞ്ഞില്ല എന്നു നമുക്ക് തീർച്ചയില്ല. ഒരുപക്ഷെ ഉയർത്തെഴുന്നേറ്റ അവന്റെ ശരീരത്തിനു പ്രകടമായ മാറ്റം സംഭവിച്ചിരിക്കാം.[12] തോട്ടത്തിൽ അവൻ നിൽക്കുമെന്ന് പ്രതീക്ഷിക്കാതിരുന്നതുകൊണ്ടാകാം അവൾ അവനെ അറിയാതിരുന്നത്.[13]

“യേശു അവളോട്, സ്ത്രീയേ, നീ കരയുന്നത് എന്തിന്? നീ ആരെ തിരയുന്നു?” അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ട്,[14] അവൾ “അവനോട് പറഞ്ഞു, ‘യജമാനനേ, നീ അവനെ എടുത്തുകൊണ്ടുപോയെങ്കിൽ എവിടെ വെച്ചു എന്നു പറഞ്ഞുതരിക, ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം’’’ (യോഹന്നാൻ 20:15). വേറൊരർത്ഥത്തിൽ പറഞ്ഞാൽ, “എനിക്ക് അവനൊരു നല്ല അടക്കം കൊടുക്കണം.” ഒരുപക്ഷെ അവൾ ക്രിസ്തുവിന്റെ മറ്റു സ്നേഹിതന്മാരെയും സഹായത്തിന് ക്ഷണിച്ചേക്കാം.

“മറിയയേ!” എന്നു വിളിച്ചുകൊണ്ട് യേശു അവളുടെ സംഭാഷണം അവസാനിപ്പിച്ചു (യോഹന്നാൻ 20:16). അവന്റ വായിൽനിന്ന് അവളുടെ പേർ പുറപ്പെട്ടപ്പോൾ, അവസാനം അവൾ അവനെ തിരിച്ചറിഞ്ഞു, അവൾ തിരിഞ്ഞ്, അവനോട്, ആവേശത്തോടെ “എബ്രായഭാഷയിൽ, ‘റബ്ബൂനി’ എന്നു പറഞ്ഞു (അതിനർത്ഥം ഗുരു)” (യോഹന്നാൻ 20:16).

ആ സമയത്ത്, ഒരുപക്ഷെ മറ്റു സ്ത്രീകൾ ചെയ്തതുപോലെ, അവന്റെ കാൽക്കൽ വിണ് അവനെ “പിടിക്കുവാൻ” ശ്രമിച്ചിരിക്കാം (മത്തായി 28:9). അവൾ വ്യക്തമായും യേശുവിനോട് പറ്റിച്ചേർന്നു എന്നു പറയാം, “ഇനിയും നിന്നെ നഷ്ടമാകുവാൻ ഞാൻ അനുവദിക്കയില്ല!” ക്രിസ്തു അവളോടു പറഞ്ഞു, “എന്നെ തൊടരുത്,[15] ഞാൻ ഇതുവരെയും പിതാവിന്റെ അടുക്കൽ കയറി പോയിട്ടില്ല”[16] (യോഹന്നാൻ 20:17). അവൾ അവനെ തൊടേണ്ട ആവശ്യമില്ല എന്നും വീണ്ടും അവൾ അവനെ അടുത്തുതന്നെ കാണും എന്നാണ് സൂചിപ്പിച്ചത്. സമയമാകുമ്പോൾ, താൻ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്യുന്നതിൽനിന്ന് യാതൊരു തൊടലിനും പിൻമാറ്റുവാൻ കഴിയുകയില്ല എന്നർത്ഥം.[17]

അവൻ അവൾക്ക് ഈ ദൗത്യം നല്കി: “നീ എന്റെ സഹോദരന്മാരുടെ[18] അടുക്കൽ [ചെ] ന്ന് എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ‘ഞാൻ കയറി പോകുന്നു’ എന്നു അവരോട് പറക എന്നു പറഞ്ഞു”[19] (യോഹന്നാൻ 20:17). താൻ ജീവിച്ചിരിക്കുന്നു എന്ന് അവരോട് പറയുവാനല്ല അവൻ ആവശ്യപ്പെട്ടത്, അത് അവൾ പറയുമെന്ന് അവനറിയാം (യോഹന്നാൻ 20:18); മറിച്ച്, താൻ പിതാവിന്റെ അടുക്കലേക്ക് പോകുവാൻ തയ്യാറായിരിക്കുന്നു എന്നു പറയുവാനാണ് ആവശ്യപ്പെട്ടത്. സന്ദേശത്തിന്റെ ആധികാരികതക്ക് വേണ്ടിയായിരിക്കാം ഒരുപക്ഷെ അങ്ങനെ പറഞ്ഞത്, കാരണം അവൻ അപ്പൊസ്തലന്മാരോട് നടത്തിയ അവസാന പ്രസംഗത്തിലെ വിഷയം തന്റെ സ്വർഗാരോഹണം ആയിരുന്നു (യോഹന്നാൻ 14:2–4, 12, 28; 16:5, 7, 10, 28).

സന്തോഷാധിക്യത്താൽ, “അവൾ ചെന്ന് അവനോടുകൂടെ ഇരുന്നവരായ, ദുഃഖിച്ചും, കരഞ്ഞും കൊണ്ടിരുന്നവരോട് അറിയിച്ചു” (മർക്കൊസ് 16:10; ലൂക്കൊസ് 24:10 നോക്കുക[20]). “ഞാൻ കർത്താവിനെ കണ്ടു” എന്നും അവൻ അവരോട് പറയുവാൻ പറഞ്ഞതും അറിയിച്ചപ്പോൾ അവളുടെ ശബ്ദത്തിലെ ആവേശം എനിക്ക് കേൾക്കുവാൻ കഴിയുന്നുണ്ട് (യോഹന്നാൻ 20:18). എങ്ങനെയായാലും, അവർ അവളെ വിശ്വസിക്കുവാൻ കൂട്ടാക്കിയില്ല (മർക്കൊസ് 16:11).

### വഴിയിൽ (മത്താ. 28:9-11)

ക്രിസ്തുവിന്റെ രണ്ടാമത്തെ പ്രത്യക്ഷത മറ്റു സ്ത്രീകൾക്ക് “വഴിയിൽ

വെച്ചായിരുന്നു" (മത്തായി 28:11). നമ്മുടെ കഴിഞ്ഞ പാഠം നാം അവസാനിപ്പിച്ചപ്പോൾ, ആ സ്ത്രീകൾ സന്തോഷത്തോടെ ദൂതൻ പറഞ്ഞത് യേശുവിന്റെ ശിഷ്യന്മാരെ അറിയിക്കുവാൻ പോയതായി നാം കണ്ടു (മത്തായി 28:8; ലൂക്കൊസ് 24:9, 10, 22, 23). എങ്ങനെയായാലും, അവരുടെ വാക്ക് അവർക്ക്, "വെറും കഥപോലെ തോന്നി, അവർ വിശ്വസിച്ചില്ല" (ലൂക്കൊസ് 24:11).

ശിഷ്യന്മാരുടെ അടുക്കലേക്ക്[21] പോകുമ്പോഴോ, അവരുടെ അടുക്കൽനിന്ന് തിരിച്ചുപോകുമ്പോഴോ "യേശു അവരെ [സ്ത്രീകൾ] എതിരേറ്റു, നിങ്ങൾക്ക് വന്ദനം എന്നു പറഞ്ഞു" (മത്തായി 28:9). അവർ അവന്റെ കാൽക്കൽ വീണു "അവന്റെ കാൽ പിടിച്ചു അവനെ നമസ്ക്കരിച്ചു" (മത്തായി 28:9). യേശു അവരോടു പറഞ്ഞു, "ഭയപ്പെടേണ്ട" (മത്തായി 28:10). പിന്നെ തന്റെ സഹോദരന്മാരെ ഗലീലയിൽ കണ്ടുമുട്ടുവാൻ ദൂതൻ പറഞ്ഞത് അവൻ ആവർത്തിച്ചു (മത്തായി 28:10).[22]

### നഗരത്തിൽ (മത്താ. 28:11-15)

ഏതാണ്ട് ക്രിസ്തു സ്ത്രീകൾക്ക് പ്രത്യക്ഷമായ സമയത്ത്, "അവർ പോകുമ്പോൾ കാവൽകൂട്ടത്തിൽ [കല്ലറക്കൽ ഉണ്ടായിരുന്നവർ] ചിലർ നഗരത്തിൽ ചെന്ന് സംഭവിച്ചത് എല്ലാം മഹാപുരോഹിതന്മാരോട് അറിയിച്ചു" (മത്തായി 28:11).[23] "ഭൂമികുലുക്കത്തെ കുറിച്ചോ, ദൂതന്മാരെ കുറിച്ചോ, ശരീരം അപ്രത്യക്ഷമാകുന്നതിനെ കുറിച്ചോ, ആരും ഞങ്ങളെ മുന്നറിയിച്ചില്ലല്ലോ!" എന്ന് അവർ പറയുന്ന ശബ്ദം എനിക്ക് കേൾക്കാം.

ഇപ്പോൾ അവൻ അവകാശപ്പെട്ടതുപോലെ യേശു മശിഹ തന്നെ എന്ന് യെഹൂദപ്രമാണിമാർ ഗൗരവമായി വിശ്വസിച്ചുകാണുമെന്ന് നാം വിചാരിച്ചേക്കാം. പകരം, അവരുടെ വിചാരം (ആധുനിക പദപ്രയോഗം) "എങ്ങനെ അതിനെ ഒതുക്കാം" എന്നതായിരുന്നു. അവരുടെ കഴിവിന്റെ പരമാധി ചെയ്തു കല്ലറ ഭദ്രമാക്കിയിട്ടും (മത്തായി 27:65), ഇപ്പോൾ അത് ശൂന്യമായി. അത്തരം സംഭവം അവരെ ലജ്ജിപ്പിച്ചു. ആർക്കും ഇപ്പോൾ അതിനകത്ത് പോയി നോക്കാം. യേശുവിന്റെ ശരീരം പോയി എന്ന് വിശദീകരിക്കുവാൻ മാത്രമേ അവർക്ക് സാധ്യതയുള്ളോ?[24]

അവസാനം, യേശുവിന്റെ ശരീരം അവന്റെ ശിഷ്യന്മാർ മോഷ്ടിച്ചുകൊണ്ടുപോയി എന്ന കിംവദന്തി പ്രചരിപ്പിക്കുവാൻ തീരുമാനിച്ചു. മഹാപുരോഹിതന്മാരും മൂപ്പന്മാരും "പടയാളികൾക്ക് വേണ്ടുവോളം പണം കൊടുത്ത്, 'അവന്റെ ശിഷ്യന്മാർ വന്നു രാത്രിയിൽ ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടു പോയി, "എന്നു പറവിൻ, എന്നു പറഞ്ഞു"''' (മത്തായി 28:12, 13). അത് അന്ന് വിഡ്ഢിത്തമായ കഥയായിരുന്നു, ഇന്നുമതെ. റോബർട്ട് തോമസും സ്റ്റാൻലി ഗണ്ട്രിയും വിവരിച്ചിരിക്കുന്നു:

> ഈ കഥയുടെ അബദ്ധ പ്രസ്താവ്യം ന്യായാധിപസഭ കണ്ടുപിടിച്ചത് ... അടുത്തടുത്ത് സംഭവിച്ച കാര്യങ്ങളിൽ അവർക്കുണ്ടായ നിരാശയെയാണ് വെളിപ്പെടുത്തുന്നത്. ഭാരമുള്ള കല്ല് ഉരുട്ടി ശിഷ്യന്മാർ മാറ്റുമ്പോൾ ഉറങ്ങുന്ന പടയാളികളിൽ ചുരുങ്ങിയത് ഒരാളെങ്കിലും കേട്ടിരിക്കും. കൂടാതെ, പടയാളികൾ ഉറങ്ങുമ്പോൾ ശരീരം എടുത്തുകൊണ്ടു പോയത് ശിഷ്യന്മാരാണെന്ന് അവർക്ക് എങ്ങനെ അറിയാം?[25]

പടയാളികൾ കാവൽനിൽക്കുമ്പോൾ ഉറങ്ങിയാൽ മരണശിക്ഷയാണ് അനുഭിവിക്കേണ്ടത് എന്ന് അവർ യെഹൂദപ്രമാണിമാരെ ധരിപ്പിച്ചിരിക്കും (പ്രവൃത്തികൾ 12:18, 19; 16:27). എങ്ങനെയായാലും, അദ്ധ്യക്ഷന്മാർ അവർക്ക് ഉറപ്പുകൊടുത്തു "... വസ്തുത നാടുവാഴിയുടെ സന്നിധാനത്തിൽ എത്തി എങ്കിലോ ഞങ്ങൾ അവനെ സമ്മതിപ്പിച്ചു നിങ്ങളെ നിർഭയരാക്കിക്കൊള്ളാം" (മത്തായി 28:14).

ആ ഉറപ്പ് ലഭിച്ചതുകൊണ്ട്, "പടയാളികൾ പണം വാങ്ങി ഉപദേശപ്രകാരം ചെയ്തു" (വാക്യം 15). "പാഠം ചെറുതും നിസാരവുമായിരുന്നു; പ്രതിഫലം, വലുതും, ആഗ്രഹിക്കത്തക്കതും ആയിരുന്നു."[26] റിച്ചാർഡ് റോജേഴ്സ് റൈലി പറഞ്ഞത് "[ഇന്ന്] അതേ നുണ വെറുതെ പറയും" എന്നാണ്.[27]

മത്തായി ഈ സംഭവത്തോട് ചേർത്തു പറഞ്ഞു, "ഈ കഥ ഇന്നുവരെ യെഹൂദന്മാരുടെ ഇടയിൽ പരക്കെ നടപ്പായിരിക്കുന്നു" (വാക്യം 15) - അതു 60കളുടെ ആരംഭത്തിലായിരിക്കാം. "ഇതിനെ കുറിച്ച് ഏ. ഡി. 170-ൽ ജസ്റ്റിൻ മാർട്ടിർ എഴുതിയതിൽ പറയുന്നത് യെഹൂദന്മാർ ഈ കഥ പ്രത്യേക സന്ദേശവാഹകരെ അയച്ചു എല്ലാ രാജ്യങ്ങളിലും എത്തിച്ചു എന്നാണ്."[28]

ശൂന്യമായ കല്ലറയെ ഇങ്ങനെയാണ് ആദ്യം "വിശദീകരിച്ചത്." "ഇരുപതു നൂറ്റാണ്ടുകൾ ശൂന്യമായ കല്ലറയെ ആളുകൾ പലരീതിയിൽ വിശദീകരിച്ച് തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അവ എല്ലാം ആരംഭത്തിലേതുപോലെ അയഥാർത്ഥമായി തന്നെ കിടക്കുന്നു. എന്നാൽ [ശൂന്യമാകപ്പെട്ട കല്ലറയുടെ] സത്യാവസ്ഥ ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചു എന്നതാണ്."[29]

## അജ്ഞാതമായ ഒരു സ്ഥലം
## (1 കോരി. 15:5; ലൂക്കൊ. 24:34)

യേശുവിന്റെ അടുത്ത പ്രത്യക്ഷത ഒരുപക്ഷെ പത്രൊസിനായിരുന്നേക്കാം - അവൻ അപ്പോഴും കല്ലറയിൽ കണ്ടതിനെ കുറിച്ച് ഭ്രമിച്ചിരിക്കയായിരിക്കാം (ലൂക്കൊസ് 24:12). പൗലൊസ് ക്രിസ്തുവിന്റെ പ്രത്യക്ഷതകളെ കുറിച്ച് പറഞ്ഞപ്പോൾ അവൻ ആദ്യം "കേഫാവിനു പ്രത്യക്ഷനായി" എന്നാണ് പറഞ്ഞത് (1 കൊരിന്ത്യർ 15:5). "കർത്താവ് വാസ്തവത്തിൽ ഉയർത്തെഴുന്നേല്ക്കുകയും അവൻ ശിമോന് പ്രത്യക്ഷനാകുകയും ചെയ്തു" എന്ന് ശിഷ്യന്മാർ പറയുന്നതിനെ കുറിച്ച് നമ്മുടെ അടുത്ത പാഠത്തിൽ നാം പഠിക്കും (ലൂക്കൊസ് 24:34). എങ്ങനെയായാലും, ആ പ്രത്യക്ഷതയുടെ വിശദാംശങ്ങൾ നമുക്ക് ഇല്ല. "ഇതു ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത വലിയ സംഭവങ്ങളിൽ ഒന്നാണ്: തന്നെ തള്ളിപ്പറഞ്ഞവന്റെ മുന്നിൽ പ്രത്യേകമായി പ്രത്യക്ഷപ്പെടുന്നത്!"[30] ജോൺ കാർട്ടർ എഴുതി,

> ശിമോൻ പത്രൊസ് സംഭവിച്ച കാര്യങ്ങൾ ആരോടെങ്കിലും പറയുകയാണെങ്കിൽ, അതു യേശു അവന്നു പ്രത്യക്ഷപ്പെട്ട കാര്യമായിരിക്കും ... , നമുക്ക് അതിന്റെ രേഖയില്ല. ആ അനുഭവം പങ്കിടുവാൻ തക്ക വിശുദ്ധമായ ഒന്നായിരുന്നേക്കാം, അത്. ആ കണ്ടുമുട്ടലിന്റെ ചുറ്റും നിന്നു കർട്ടൻ വലിക്കുവാൻ നാം ശ്രമിക്കുന്നില്ല. എങ്ങനെയായാലും, ആ പശ്ചാത്തപിച്ച ശിഷ്യനെ യേശു പ്രോൽസാഹിപ്പിച്ചില്ലെങ്കിൽ, അവന് തന്റെ അപ്പൊസ്തലത്വത്തിലേക്ക് മടങ്ങി വരുവാനോ, മറ്റുള്ളവരെ ചേർക്കുവാനോ കഴിയു

മായിരുന്നോ എന്ന് ഞാൻ സംശയിക്കുകയാണ്. കുറച്ച് കഴിഞ്ഞ് യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനായപ്പോൾ അവൻ അവരോടൊപ്പം ഉണ്ടായിരുന്നേക്കാം.[31]

## വഴിയിൽ വെച്ച്
## (മർക്കൊ. 16:12, 13; ലൂക്കൊ. 24:13-35)

യേശു മരിച്ചവരിൽനിന്നുയർത്തെഴുന്നേറ്റ ദിവസം, ചുരുങ്ങിയത് ഒരു പ്രത്യക്ഷത കൂടെ നടത്തിയിട്ടുണ്ട്.[32] "[സ്ത്രീകൾ കല്ലറയിൽപോയ അന്നു തന്നെ] യെരുശലേമിൽനിന്നു പതിനൊന്നു നാഴിക അകലെയുള്ള എമ്മവുസ് എന്ന ഗ്രാമത്തിലേക്ക് പോയ്ക്കൊണ്ടിരുന്ന രണ്ട് ശിഷ്യന്മാർക്ക് അവൻ പ്രത്യക്ഷനായി; ലൂക്കൊസ് 24:1"[33] (ലൂക്കൊസ് 24:13; മർക്കൊസ് 16:12). അവരിൽ ഒരു ശിഷ്യന്റെ പേർ ക്ലെയോപ്പാവ് എന്നായിരുന്നു (ലൂക്കൊസ് 24:18). മറ്റെ ശിഷ്യന്റെ പേർ നമുക്ക് അറിയില്ല.[34] ക്രിസ്തുവിന്റെ പ്രത്യക്ഷതകളിൽ മറ്റുള്ളവയേക്കാൾ വിശദമായി പറഞ്ഞിരിക്കുന്നത് ഈ പ്രത്യക്ഷതയാണ്.

യെരുശലേമിൽ സംഭവിച്ചതിനെക്കുറിച്ച് സംസാരിച്ചുകൊണ്ടായിരുന്നു ക്ലെയോപ്പാവും തന്റെ കൂട്ടുകാരനും പോയതെന്നാണ് ലൂക്കൊസ് 24 പറയുന്നത് (വാക്യം 14). ക്രിസ്തു അവരോടുകൂടെ നടക്കുവാൻ തുടങ്ങി (വാക്യം 15), എന്നാൽ "അവനെ തിരിച്ചറിയാതവണ്ണം അവരുടെ കണ്ണുകളെ തടഞ്ഞിരുന്നു" (വാക്യം 16). ഒരുപക്ഷെ യേശുവിനെ തിരിച്ചറിയാതിരിക്കുവാൻ ദൈവം ആയിരിക്കാം തടഞ്ഞത്; ഒരുപക്ഷെ ദുഃഖം അവരുടെ കണ്ണുകളെ അന്ധമാക്കിയിരിക്കാം (വാക്യം 17).

എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് ക്രിസ്തു അവരോട് ചോദിച്ചു (വാക്യം 17). ആ മൂന്നു ദിവസത്തെ സംഭവങ്ങൾ (വാക്യങ്ങൾ 18–20) ശൂന്യമായ കല്ലറ കണ്ടതടക്കമുള്ളവ ക്ലെയോപ്പാവ് ആവർത്തിച്ചു പറഞ്ഞു (വാക്യങ്ങൾ 22–24). "ഞങ്ങളോ അവൻ യിസ്രായേലിനെ വീണ്ടെടുക്കുവാനുള്ളവൻ എന്ന് ആശിച്ചിരുന്നു.[35] അത്രയുമല്ല, ഇതു സംഭവിച്ചിട്ട് ഇന്നു മൂന്നു നാളാകുന്നു" എന്ന് ക്ലെയോപ്പാവ് പറഞ്ഞപ്പോൾ അവന്റെ വാക്കുകളിൽ നിരാശ നിറഞ്ഞിരുന്നു (വാക്യം 21). നിങ്ങളും ഞാനും "മൂന്നു നാൾ" എന്ന പദപ്രയോഗം നടത്തുമ്പോൾ, അവൻ "മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു" എന്നാണ് സൂചിപ്പിക്കുന്നത് (മത്തായി 17:23). "പരിഗണിക്കേണ്ട സമയം കഴിഞ്ഞു, ഞങ്ങളുടെ പ്രത്യാശ നഷ്ടമായി!" എന്നത്രെ ക്ലെയോപ്പാവ് അർത്ഥമാക്കിയത്.

യേശു പ്രതികരിച്ചു, "അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ! ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് മഹത്വത്തിൽ പ്രവേശിക്കേണ്ടതല്ലയോ?" (ലൂക്കൊസ് 24:25, 26). ദൈവപദ്ധതിയിൽ ക്രൂശ് ഒഴിച്ചുകൂടാനാവാത്തതായിരുന്നു എന്ന് അവർ മനസിലാക്കേണ്ടിയിരുന്നു - ക്രിസ്തുവിന്റെ മരണം ദൈവപദ്ധതിയെ റദ്ദു ചെയ്യുകയായിരുന്നില്ല, പിന്നെയോ, വാസ്തവത്തിൽ അവ സ്ഥിരീകരിക്കുകയായിരുന്നു.

"പിന്നെ അവൻ [യേശു] മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു" (വാക്യം 27). അവൻ ക്ലെയോപ്പാവിനും അവന്റെ സ്നേഹിതനും പഴയനിയമത്തിൽനിന്നു വ്യവസ്ഥാപിതമായ ഒരു പഠനം

നൽകി. കാത്തിരുന്ന മശിഹയെ കുറിച്ചുള്ള മുന്നൂറിലധികം വരുന്ന പ്രവചനങ്ങളിൽ പലതും ചുണ്ടിക്കാണിച്ചുകാണും. വഴിയിൽ വെച്ച് “അവൻ അവരോട് സംസാരിക്കുമ്പോൾ, അവൻ തിരുവെഴുത്തുകളെ [അവർക്ക്] വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ,” ആ രണ്ടുപേരുടേയും ഹൃദയം കത്തിക്കൊണ്ടിരുന്നതായി അവർ പിന്നീട് പറയുകയുണ്ടായി (വാക്യം 32).

അവർ എമ്മവുസിലെത്തിയപ്പോൾ രാത്രിയായിരുന്നു (വാക്യം 29). തങ്ങളോടുകൂടെ പാർക്കേണ്ടതിന്ന് ക്ലെയോപ്പാവും സ്നേഹിതനും യേശുവിനെ ക്ഷണിച്ചു (വാക്യങ്ങൾ 28, 29). അവർ ഭക്ഷിക്കുവാനിരുന്നപ്പോൾ, അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു (വാക്യം 30). ഉടനെ, “അവരുടെ കണ്ണു തുറന്നു അവർ അവനെ അറിഞ്ഞു” (വാക്യം 31). അവർ അവനെ[36] അറിയാതിരിക്കുവാൻ തടസപ്പെടുത്തിയത് എന്തായാലും അത് ഇപ്പോൾ നീങ്ങി. “അവൻ അപ്പം എടുത്തു വാഴ്ത്തിയപ്പോൾ” അവർ അവനെ തിരിച്ചറിഞ്ഞു എന്ന് പിന്നീട് അവർ പറയുന്നുണ്ട് (വാക്യം 35). ഒരുപക്ഷെ യേശുവിന്റെ വേറിട്ട പ്രാർത്ഥന അവരുടെ ഓർമ്മയെ ഉണർത്തിയിരിക്കാം. അവൻ ഉയർത്തെഴുന്നേറ്റ കർത്താവായി അവർ ഇപ്പോൾ അവനെ തിരിച്ചറിഞ്ഞു! എങ്ങനെയായാലും, അവർ അവനെ തിരിച്ചറിഞ്ഞുവെങ്കിലും, “അവൻ അവരുടെ കാഴ്ച്ചക്കു മറഞ്ഞു” (വാക്യം 31)!

സമയം വൈകിയെങ്കിലും, അവർ വേഗത്തിൽ യെരുശലേമിലേക്ക് മടങ്ങി (വാക്യം 33), അവർക്ക് “വഴിയിൽ വെച്ചുണ്ടായ അനുഭവങ്ങൾ” (വാക്യം 35) “പതിനോരുവരോടും”[37] “അവരോടുകൂടെയുള്ളവരോടും” അറിയിക്കുവാനായിരുന്നു (വാക്യം 33; മർക്കൊസ് 16:13). അവർ അവിടെയെത്തിയപ്പോൾ, സജീവമായ ചർച്ച നടന്നുകൊണ്ടിരിക്കുകയായിരുന്നു. ചിലർ പറയുന്നു, “കർത്താവ് വാസ്തവമായും ഉയർത്തെഴുന്നേറ്റു ശിമോന്ന് പ്രത്യക്ഷനായി” (ലൂക്കൊസ് 24:34), എന്നാൽ മറ്റു ചിലർ സംശയാലുക്കളായിരുന്നു. ക്ലെയോപ്പാവും കൂട്ടുകാരനും അവർക്കുണ്ടായ അനുഭവം പറഞ്ഞിട്ടും “അവർ അവരെയും വിശ്വസിച്ചില്ല” (മർക്കൊസ് 16:13).[38] കർത്താവിന്റെ ശിഷ്യന്മാർ തുടർന്നും വിശ്വസിക്കുവാൻ പ്രയാസപ്പെട്ടു (മർക്കൊസ് 16:14).[39]

### ഉപസംഹാരം

യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേല്ക്കുമെന്ന് അപ്പൊസ്തലന്മാർ പ്രതീക്ഷിച്ചിരുന്നില്ല, അവൻ ഉയർത്തെഴുന്നേറ്റിട്ടും ആ യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ പെട്ടെന്നൊന്നും അവർക്ക് കഴിഞ്ഞില്ല. “എന്നിട്ടും യെഹൂദന്മാർ ഉയർത്തെഴുന്നേല്പിന് കഥയുണ്ടാക്കി കുറ്റപ്പെടുത്തിയത് ഈ മനുഷ്യരെയാണ്.”[40] തോമസും ഗൺഡ്രിയും പറഞ്ഞു,

> ശൂന്യമായ കല്ലറയെക്കുറിച്ചുള്ള വാർത്ത കേട്ടിട്ടും, യേശുവിന്റെ അനുയായികൾ വിഷാദിച്ചും ദുഃഖിച്ചുമാണിരുന്നത്, എന്നിട്ടും അവരെ കുറിച്ച് കെട്ടിച്ചമച്ച അപരാധം ഉന്നയിച്ചത് എത്ര വിഡ്ഢിത്തമായിരുന്നു. അവർ അങ്ങനെ ചെയ്തതുകൊണ്ട് അവരുടെ മനസ് എത്ര എതിരായിരുന്നു എന്ന് തെളിയിക്കുന്നു.[41]

“താൻ വീണ്ടും ജീവിച്ചിരിക്കുന്നു എന്നു തന്റെ തന്നെ ശിഷ്യന്മാരെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു ഉയർത്തെഴുന്നേറ്റ കർത്താവിന്റെ

ആദ്യ ദൗത്യം."[42] അപ്പൊസ്തലന്മാർ കൂടിയിരിക്കുമ്പോൾ പല പ്രാവശ്യം അവർക്ക് പ്രത്യക്ഷപ്പെട്ടതായി നാം നമ്മുടെ അടുത്ത പാഠത്തിൽ പഠിക്കും - അവസാനം അവരുടെ വിശ്വാസപ്രതിസന്ധി പരിഹരിക്കുകയും ചെയ്തു.

---

കുറിപ്പുകൾ

[1]നിങ്ങളുടെ വിദ്യാർത്ഥികൾക്ക് ദൈവത്തിന്റെ വാഗ്ദാനങ്ങൾ വിശ്വസിക്കുന്നതിൽ പ്രതിസന്ധി നേരിട്ടിട്ടുണ്ടോ എന്നു ചോദിക്കുകയായിരിക്കും ഒരു ക്ലാസിൽ ഈ പഠനം നടത്തിയാൽ നന്നായിരിക്കുക. [2]രണ്ടു-ഭാഗമുള്ള പാഠത്തിന്റെ രണ്ടാം ഭാഗമാണിത്. [3]യോഹന്നാൻ 20:1 പറയുന്നത് "ഇരുട്ടുള്ളപ്പോൾ മറിയ കല്ലറയിലേക്ക് ... വന്നു എന്നാണ്" മർക്കൊസ് 16:2 പറയുന്നത് "സൂര്യൻ ഉദിച്ചപ്പോൾ സ്ത്രീകൾ കല്ലറക്കൽ എത്തി" എന്നാണ്. അതുകൊണ്ട് ചിലർ വിചാരിക്കുന്നത് മറിയ ഓടി ആദ്യം കല്ലറക്കൽ എത്തി എന്നും മറ്റുള്ളവർ താമസിച്ചാണ് എത്തിയത് എന്നുമാണ്. മറ്റുള്ളവർ കരുതുന്നത്, അവർ ഇരുട്ടുള്ളപ്പോൾ കല്ലറയിലേക്ക് പുറപ്പെടുകയും എത്തിയപ്പോഴേക്ക് സൂര്യൻ ഉദിക്കുകയും ചെയ്തു എന്നാണ്. വിശദാംശങ്ങൾ അപ്രധാനമാണ്. [4]"യേശു സ്നേഹിച്ച ശിഷ്യൻ" എന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നതു അവനെത്തന്നെയാണെന്ന് നാം കരുതുന്നു എന്ന് ഒരിക്കൽകൂടെ പറയട്ടെ. മഗ്ദലക്കാരത്തി മറിയ ആ രണ്ടു പുരുഷന്മാരെ കണ്ടതു കല്ലറയിലേക്കുള്ള വഴിയിൽവെച്ച് - ആയിരിക്കുവാൻ സാധ്യതയുണ്ട് - എന്നാൽ അങ്ങനെ ആകണമെന്നില്ല. യെരുശലേമിൽ പത്രൊസും യോഹന്നാനും താമസിച്ചിരുന്ന സ്ഥലത്തേക്കോ സ്ഥലങ്ങളിലേക്കോ അവൾ പോയിരിക്കാം (യോഹന്നാൻ 20:10 നോക്കുക). അതങ്ങനെ ആയിരുന്നെങ്കിൽ മറ്റ് അപ്പൊസ്തലന്മാർ താമസിച്ച സ്ഥലത്തായിരിക്കയില്ല പത്രൊസ് താമസിച്ചിരുന്നത് (ലൂക്കൊസ് 24:12 നോക്കുക). യേശുവിനെ തള്ളിപ്പറഞ്ഞശേഷം മറ്റ് അപ്പൊസ്തലന്മാരെ അഭിമുഖീകരിക്കുവാൻ പത്രൊസിന് ലജ്ജ ഉണ്ടായിരുന്നേക്കാം. [5]മറിയക്ക് പ്രത്യക്ഷനായ ദൂതൻ എവിടെ വെച്ചാണ് മറ്റു സ്ത്രീകൾക്ക് പ്രത്യക്ഷനായത്? നമുക്ക് പറയുവാൻ കഴിയുകയില്ല. സ്ത്രീകളുമായി ഇടപെടുന്നതിൽനിന്നു വ്യത്യസ്തമായിട്ടായിരിക്കാം ദൈവം അപ്പൊസ്തലന്മാരോട് ഇടപെട്ടിരിക്കുക. [6]ഈ പുസ്തകത്തിൽ കാണുന്ന "യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരം" എന്ന പാഠത്തിലെ യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരം എന്ന ലേഖനം നോക്കുക. [7]പീറ്റർ മാർഷൽ, മിസ്റ്റർ. ജെയിംസ്, മീറ്റ് ദ മാസ്റ്റർ (ന്യൂയോർക്ക്: ഫ്ലെമിങ്ങ് എച്ച്. റിവെൽ കമ്പനി., 1950), 110. [8]അന്ന് വൈകിയിട്ട്, പത്രൊസും യോഹന്നാനും അവനെ കണ്ട വിവരം മറ്റു ശിഷ്യന്മാരോട് പങ്കിട്ടിരിക്കാം (ലൂക്കൊസ് 24:24). [9]അപ്പൊസ്തലന്മാർ ഉയർത്തെഴുന്നേല്പിൽ ആദ്യം വിശ്വസിച്ചിരുന്നു എന്നാൽ അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേല്ക്കുമെന്ന് പറഞ്ഞതു പിന്നീടാണ് മനസിലാക്കിയത് എന്ന് ചില എഴുത്തുകാർ ചൂണ്ടിക്കാണിക്കുന്നു. അവരുടെ പ്രതീക്ഷ കർത്താവിനെ കണ്ടതായി അപ്പൊസ്തലന്മാർക്ക് ഊഹിക്കുവാൻ കഴിയുന്നില്ല എന്നാണ് ആ എഴുത്തുകാർ പറയുന്നത്. [10]പത്രൊസും യോഹന്നാനും കണ്ടതായ കല്ലറശീലകൾ അവൾ കണ്ടിരുന്നു, പക്ഷെ അവൾക്ക് അതിന്റെ പ്രത്യേകത മനസിലായിരുന്നില്ല.

[11]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ്പ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 743. [12]ഈ പുസ്തകത്തിൽ കാണുന്ന "യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരം" എന്നതു നോക്കുക. [13]അവൾ വെറുതെ അവനെ ഒന്നു നോക്കുകയും പിന്നെ കണ്ണുകൾ മാറ്റുകയും ചെയ്തുവെന്ന് വാക്യം 16 സൂചിപ്പിക്കുന്നു. [14]യോസേ

ഫിന്റെ തോട്ടത്തിലെ കല്ലറയിലേക്ക് ശരീരം ചുമന്നുകൊണ്ടുപോകുവാൻ, ഉത്തരവാദിത്തപ്പെട്ട ദാസനടക്കം, അവൻ ധനവാനായതുകൊണ്ട് അവനു ദാസന്മാരുണ്ടായിരുന്നേക്കാം. [15]കെജെവിയിൽ "ടച്ച് മീ നോട്ട് " എന്നാണ്, എന്നാൽ "[ഗ്രീക്ക്] ക്രിയയുടെ കാലവും ഭാവവും അർത്ഥമാക്കുന്നത് അതുവരെയും ചെയ്തുവന്നിരുന്നതു നിർത്തുക എന്നാണ് " (റോബർട്ട് ഡങ്കൻ കൽവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976], 270). [16]അവൻ മരിച്ചപ്പോൾ, അവൻ പാതാളലോകത്തിൽ (പ്രവൃത്തികൾ 2:31) "പറുദിസയിലേക്ക് " പോയി (ലൂക്കൊസ് 23:43). അപ്പോൾ അവൻ സ്വർഗത്തിൽ പോയില്ല. [17]കെജെവിയിലെ "എന്നെ തൊടരുത് " എന്നതു അല്പം വ്യത്യാസം ജനിപ്പിച്ചേക്കാം. കാരണം മറ്റുള്ളവരെ തൊടുവാൻ അനുവദിക്കുന്നുമുണ്ട് (മത്തായി 28:9; ലൂക്കൊസ് 24:39; യോഹന്നാൻ 20:27). അവനെ വീണ്ടും നഷ്ടപ്പെടുവാൻ അവൾ ആഗ്രഹിച്ചില്ല എന്ന സൂചനയാണ് യേശുവിന്റെ പ്രബോധനത്തിൽ തെളിയുന്നത്. [18]യേശു അവിടെ പറയുന്നത് അപ്പൊസ്തലന്മാരെയല്ല എന്നും അവന്റെ സ്വന്ത സഹോദരന്മാരെ ആണെന്നും ചിലർ വിചാരിക്കുന്നു. പക്ഷെ, എങ്ങനെയായാലും, മറിയ, അപ്പൊസ്തലന്മാരാണെന്ന് തിരിച്ചറിയുകയും, അവൾ അവരുടെ അടുക്കലേക്ക് പോകുകയും ചെയ്തു (യോഹന്നാൻ 20:18). മെക്ഗാർവേ എഴുതി, "കർത്താവ് തന്റെ ശിഷ്യന്മാരെ ഇപ്പോഴാണ് ആദ്യമായി സഹോദരന്മാർ എന്ന് ഉപയോഗിച്ചത്" (മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 745). എബ്രായർ 2:11 നോക്കുക. [19]"നമ്മുടെ പിതാവ്" അല്ലെങ്കിൽ "നമ്മുടെ ദൈവം" എന്ന് യേശു പറയാതിരുന്നത് ശ്രദ്ധിക്കുക. അപ്പൊസ്തലന്മാർക്കുണ്ടായിരുന്നതിനേക്കാൾ, ഒരു പ്രത്യേകബന്ധം അവൻ പിതാവായ ദൈവത്തോട് പുലർത്തിയിരുന്നു. [20]മറിയയുടേയും ലൂക്കൊസ് 24:10 ലെ മറ്റു സ്ത്രീകളുടേയും വിവരണങ്ങൾ സ്പഷ്ടമായും ലൂക്കൊസ് യോജിപ്പിച്ചിരിക്കുന്നു.

[21]ദൂതന്മാർ പറഞ്ഞതു മറ്റു ശിഷ്യന്മാരെ അറിയിക്കുവാൻ പോയ വഴിക്ക് യേശു അവർക്ക് പ്രത്യക്ഷനായതായിട്ടാണെന്ന് തോന്നുന്നു മത്തായിയുടെ വിവരണത്തിൽ പറയുന്നത് (മത്തായി 28:5–10). എങ്ങനെയായാലും, ക്ലെയോപ്പാവ് ശിഷ്യന്മാരോട് വിവരിച്ചപ്പോൾ, സ്ത്രീകൾ യേശുവിനെ കണ്ടതായി പറഞ്ഞു (ലൂക്കൊസ് 24:22, 23), അതിനർത്ഥം അവർ യേശുവിനെ കണ്ടിരുന്നില്ല എന്നല്ല. അതിനർത്ഥം സ്ത്രീകൾ ശിഷ്യന്മാരുടെ അടുക്കലേക്ക് *പോകുമ്പോഴായിരുന്നു* യേശു അവർക്ക് പ്രത്യക്ഷനായതു എന്നത്രേ. [22]സ്തീകൾ രണ്ടാം പ്രാവശ്യം ശിഷ്യന്മാരുടെ അടുക്കൽ പോയി എന്നതിനും സാധ്യതയുണ്ട് – ഇപ്പോൾ തങ്ങൾ വാസ്തവത്തിൽ ഉയർത്തെഴുന്നേറ്റ കർത്താവിനെ കണ്ടു എന്ന വിവരവുമായിട്ടാണ് പോയത്. [23]ഒരുപക്ഷെ പടയാളികളിൽ ഉയർന്ന പദവിയിലുള്ളവർ മഹാപുരോഹിതന്മാരെ വിവരം ധരിപ്പിക്കുവാൻ പോകുകയും സാധാരണ പടയാളികൾ ബാരക്കുകളിലേക്ക് മടങ്ങുകയും ചെയ്തിരിക്കാം. [24]ഞങ്ങളുടെ പ്രദേശത്ത്, ഞങ്ങൾ പറയും, "ശൂന്യമാകപ്പെട്ട കല്ലറയിൽ നിങ്ങൾക്ക് എന്ത് വലയിടുവാൻ കഴിയും?" [25]റോബർട്ട് എൽ. തോമസ്, എഡി., ആന്റ് സ്റ്റാൻലി എൻ. ഗൺഡ്രി, അസോ. എഡി, *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (ഷിക്കാഗോ: മൂഡി പ്രസ്, 1978), 256. [26]മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 747. [27]റിച്ചാർഡ് റോജേഴ്സ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ് ആന്റ് ഹിസ് ടീച്ചിങ്ങ്* (ലബ്ബക്ക്, ടെക്സ്.: സൺസെറ്റ് ഇന്റർ നാഷണൽ ബൈബിൾ ഇൻസ്റ്റിടൂട്ട് എക്സ്റ്റേണൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, 1995), 104. [28]മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 747. ദ റെഫറൻസ് ഈസ് ടു മാർട്ടിർ *ഡയലോഗ് വിത്ത് ട്രൈഫോ* 108. [29]തോമസ് ആന്റ് ഗണ്ഡ്രി, 256. [30]ഡേവിഡ് എൽ. റോപ്പർ, "മീറ്റ് ദ മാസ്റ്റർ 2," *ട്രൂത്ത് ഫോർ ടുഡേ* (സെപ്റ്റംബർ 1994): 50.

[31]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷിലേ: ബ്രോഡമാൻ പ്രസ്, 1961), 351. [32]അന്നത്തെ ദിവസം മറ്റൊരു പ്രത്യക്ഷതയുമുണ്ടായി: ക്ലെയോപ്പാവിനും അവന്റെ കൂട്ടുകാരനും പ്രത്യക്ഷനായ ഉടനെ യേശു മറ്റൊരു

പ്രത്യക്ഷത നടത്തി; ക്ലെയോപ്പാവിനും കൂട്ടുകാരനും പ്രത്യക്ഷനായ ഉടനെ അവൻ പതിനോരുവർക്ക് പ്രത്യക്ഷനായി. യോഹന്നാൻ പറയുന്നതനുസരിച്ച്, പ്രത്യക്ഷത ആഴ്ച്ചവട്ടത്തിന്റെ "ഒന്നാം നാളിലായിരുന്നു" എന്നു സ്പഷ്ടമാക്കിയത് (യോഹന്നാൻ 20:19) അടുത്ത പാഠത്തിൽ ഇതിനെ കുറിച്ച് കൂടതലായി ഞാൻ പറയും. [33]എമ്മവുസിന്റെ സ്ഥാന നിർണ്ണയം അറിയുന്നതിന് "യേശുവിന്റെ സമയത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക – അതായിരിക്കും തീർച്ചയായു സ്ഥാനം. [34]അത് ക്ലെയോപ്പാവിന്റെ മകനായ, ഒരു സ്നേഹിതനാകാം, അല്ലെങ്കിൽ ക്ലെയോപ്പാവിന്റെ ഭാര്യയോ ആകാം. എൻഎഎസ്ബിയിൽ, യേശു ആ രണ്ടുപേരെ "ബുദ്ധിയില്ലാത്ത *പുരുഷന്മാരെ*" എന്നാണ് വിളിച്ചിരിക്കുന്നത് (ലൂക്കൊസ് 24:25; എംഫസിസ് മൈൻ), എന്നാൽ മൂലഗ്രന്ഥത്തിൽ "മന്ദബുദ്ധി [കളെ]" എന്നാണ്. [35]ആ സമയത്ത്, അവർ പറഞ്ഞ "യിസ്രായേലിനെ വീണ്ടുടുക്കുവാൻ" എന്നതിന്റെ അർത്ഥം റോമാക്കാരുടെ ഞെരുക്കത്തിൽനിന്നുള്ള മോചനമാണ്. ഈ തെറ്റിദ്ധാരണ ഉണ്ടായിരുന്നുവെങ്കിലും, ക്ലെയോപ്പാവിന്റെ വാക്കുകളിൽ യേശു വരുവാനുള്ള മശിഹയാണെന്ന പ്രത്യാശ അടങ്ങിയിരുന്നു – അവനെ ക്രൂശിൽ തറെച്ചതിലുടെ അതിനും കോട്ടം സംഭവിച്ചിരിക്കുന്നു. [36]ഈ പാഠത്തിൽ ആദ്യം വന്ന ലൂക്കൊസ് 24:16, 17 ന്റെ കുറിപ്പുകൾ നോക്കുക. [37]"പതിനോരുവർ" എന്നത് പൊതുവിൽ അപ്പൊസ്തലന്മാരെ വിളിച്ചിരുന്നതാണ്. ആ സമയത്ത് തോമസ് ഇല്ലാതിരുന്നതുകൊണ്ട് (യോഹന്നാൻ 20:24), ശേഷിച്ച പതിനൊന്ന് അപ്പൊസ്തലന്മാരിൽ എല്ലാവരും ഇല്ലായിരുന്നു. [38]ലൂക്കൊസ് 24:34, മർക്കൊസ് 16:13, 14 മായി നിരപ്പിലാക്കുന്ന വിധത്തിലാണ് ഞാൻ സംഭവങ്ങളെ പുനക്രമീകരിച്ചിരിക്കുന്നത്. [39]നാം നമ്മുടെ അടുത്ത പാഠത്തിൽ കാണാൻ പോകുന്നതുപോലെ, ഇതിനുശേഷം ഉടനെ യേശു അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷനായപ്പോൾ അവൻ ഒരു ഭൂതമാണെന്ന് അവർ വിചാരിച്ചു (ലൂക്കൊസ് 24:37). [40]മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 742.

[41]തോമസ് ആന്റ് ഗൺഡ്രി, 256. [42]എച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യുടെസ്റ്റമെന്റ്* (ലിബർട്ടി, മോ.: ക്വാളിറ്റി പ്രസ്, 1963), 225.